"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനം - എൽ.എ.ആർ. 132/2010 - ബാലൻസ് വിധിക്കടത്തുക കക്ഷികൾക്ക് അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2499/2024/LSGD തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 30.08.2018 തീയതിയിലെ എൽ.എ.ആർ 132/2010-മേലുള്ള വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18.03.2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19.09.2019 തീയതിയിലെ കെ9-172729/19 നമ്പർ നടപടിക്രമം
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 18.11.2022 തീയതിയിലെ എ3/2347/2018/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23.11.2024-ലെ DCTVM/10805/2024-K9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിലെ സർവ്വേ നമ്പർ 813/21-പ്പെട്ടതും ശ്രീ.കെ.രാമയ്യൻ & അദേഴ്സ്-ന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.43 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 132/2010 നമ്പർ കേസിൽ എൽ.എ.ഒ-യുടെ കണക്കുവിവരപ്പട്ടിക പ്രകാരമുള്ള നഷ്ട പരിഹാരത്തുകയായ 1,13,864/-രൂപ അടിയന്തരമായി കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) എന്നാൽ എൽ.എ.ആർ. 132/2010 നമ്പർ കേസിലെ വിധിന്യായത്തിൽ ഓരോ കക്ഷിക്കുമുള്ള അവകാശം പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതിനാലും കേസിലെ ഒന്നാം കക്ഷിയായ ശ്രീ.രാമയ്യൻ മരണപ്പെട്ടിട്ടുള്ളതിനാലും രണ്ടാം കക്ഷിയായ ശ്രീമതി കൃഷ്ണവേണി (W/o Late Ramayyan) മക്കളായ മൂന്നാം കക്ഷി ശ്രീ. സുബ്രഹ്മണ്യൻ, നാലാം കക്ഷി ശ്രീ. ദേവരാജൻ.എൻ എന്നിവർക്ക് നഷ്ടപരിഹാരത്തുകയിൽ തുല്യ അവകാശമാണുള്ളത് എന്ന് പരാമർശം (5) പ്രകാരം ജില്ലാ കളക്ടർ അറിയിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ ശ്രീ.കെ.രാമയ്യൻ & അദേഴ്സ്-ന്റെ

ഉടമസ്ഥതയിലുണ്ടായിരുന്ന 0.43 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 132/2010 നമ്പർ കേസിൽ ബഹു. തിരുവനന്തപുരം സബ് കോടതിയുടെ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ ബാലൻസ് വിധിക്കടത്തുകയായ 1,13,864/-രൂപ (ഒരു ലക്ഷത്തി പതിമൂവായിരത്തി എണ്ണൂറ്റി അറുപത്തിനാല് രൂപ മാത്രം) രണ്ടാം കക്ഷിയായ ശ്രീമതി കൃഷ്ണവേണി (W/o Late Ramayyan) മക്കളായ മൂന്നാം കക്ഷി ശ്രീ. സുബ്രഹ്മണ്യൻ, നാലാം കക്ഷി ശ്രീ. ദേവരാജൻ.എൻ എന്നിവർക്ക് "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/80/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 20-12-2024 10:53:23